# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2024 -25

### Malayalam (3rd Language)

Date: 29/09/2024 Time Allowed : 2½ Hours

Class: VIII Maximum Marks: 80

---

* **Please check this question paper contains 5 printed pages and 13 questions**.

**1) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(12 x ½ = 6)**

a) പഴയ പ്രതാപങ്ങൾ അയവിറക്കിക്കൊണ്ട് മെതിയടിപ്പുറത്ത് കയറി നടന്നിരുന്നതാരാണ് ?

( ഉമ്മ , അയൽക്കാരൻ , കുഞ്ഞുപാത്തുമ്മ )

b) ''സന്താപമേതും മനസ്സിലുണ്ടാകാതെ
സന്തുഷ്ടയായ് വസിച്ചീടുക മാതാവും '' ശ്രീരാമൻ ആരെയാണ് ഇങ്ങനെ സമാധാനിപ്പിക്കുന്നത് ?

( ദശരഥനെ , സുമിത്രയെ , കൗസല്യയെ )

c) ''ഇബിലീസേ ഇന്റെ ചോര നീ മുയുമനും കുടിച്ച് '' ആരെയാണ് കുഞ്ഞുപാത്തുമ്മ ഇങ്ങനെ ശാസിച്ചത് ?

( വരാൽമത്സ്യത്തെ , അട്ടയെ , കുരുവിയെ )

d) 'അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ' എഴുതിയതാര് ?

( എഴുത്തച്ഛൻ , ചെറുശ്ശേരി , പൂന്താനം )

e) കച്ചത്തോർത്ത് മാത്രമുടുത്ത് ചെറിയൊരോടക്കുടക്കാലിൽ തൂക്കിയിട്ട പുസ്തക സഞ്ചിയുമായി വന്നതാരാണ് ?

( കൈകേയി , തിയ്യാടി പെൺകുട്ടി , കഥാകൃത്ത് )

f) വി.ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥയേത് ?

( ഓളവും തീരവും , കണ്ണീരും കിനാവും , ഓർമ്മകളുടെ അറകൾ )

g) 'ചങ്ങാലിപ്രാവ് ' എന്ന കവിത എഴുതിയതാര് ?

( വൈലോപ്പിള്ളി , ചങ്ങമ്പുഴ , അക്കിത്തം )

h) ഒരർത്ഥവുമില്ലാത്ത കുറെ വാക്കുകൾ കൊണ്ട് മഹാത്ഭുതം കാണിക്കുന്ന സാഹിത്യകാരൻ ആരാണ് ?

(പി. കേശവദേവ് , ഉറൂബ് , വൈക്കം മുഹമ്മദ് ബഷീർ )

i) ചങ്ങാലിപ്രാവ് പയറ് വറുത്തുവെയ്ക്കാൻ ആരെയാണ് ഏൽപ്പിച്ചത് ?

( മകളെ , സുഹൃത്തിനെ , ഭർത്താവിനെ )

j) രാമന് പകരം ആരെ രാജാവാക്കണം എന്നാണ് കൈകേയി ദശരഥനോട് ആവശ്യപ്പെട്ടത് ?

( ലക്ഷ്മണനെ , ഭരതനെ , ശത്രുഘ്നനെ )

k) എവിടേക്കാണ് ' തന്നെയും കൂടെ കൊണ്ടു പോകണം' എന്ന് കൗസല്യ ശ്രീരാമനോട് ആവശ്യപ്പെട്ടത് ?

( അയോധ്യയിലേക്ക് , കാട്ടിലേക്ക് , മിഥിലയിലേക്ക് )

l) എവിടെയാണ് കഥാകൃത്ത് സായന്തനക്കാറ്റേറ്റ് മനോരാജ്യത്തിലാണ്ടു നിന്നത് ?

( പാടവരമ്പത്ത് , ആലിൻചുവട്ടിൽ , അമ്പലമുറ്റത്ത് )

**2) ശരിയായ അർത്ഥം എടുത്തെഴുതുക.** **(8x ½= 4)**

a) ഹേതു ( കാരുണ്യം , കനിവ് , കാരണം )

b) ആധി ( ഉത്കണ്ഠ, സന്തോഷം , സഹനം )

c) മൽ ( അന്യന്റെ , സ്വന്തം , അപരന്റെ )

d) ഇരക്കുക ( കബളിപ്പിക്കുക , കളിയാക്കുക , യാചിക്കുക )

e) ജ്യോതിസ്സ് ( പ്രകാശം , അന്ധകാരം , ഇരുളിമ )

f) വിശുദ്ധി ( അശുദ്ധി , പരിശുദ്ധി , അശാന്തി )

g) ശപഥം ( പ്രതിജ്ഞ , പ്രഭാതം , ശകുനം )

h) ചൊല്ലുക ( പോകുക , പിരിയുക , പറയുക )

**3) ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക.** **(6x 1= 6)**

a) രാത്രി ( നിശ , വിപിനം , രാവ് , മാനം )

b) പൂവ് ( മുകിൽ , വാരിദം , സുമം , മലർ )

c) മകൾ ( തനയ , സുതൻ , പുത്രി , തായ )

d) ഉലകം ( രോഗം , ലോകം , ഭവനം , ഭുവനം )

e) ആരണ്യം ( വാനം , വനം , അടവി , വിഹായസ്സ് )

f) ചിറക് ( വൃക്ഷം , പത്രം , തരു , പക്ഷം )

**4) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക. (6x 1=6)**

a) ദാരിദ്ര്യം / ധാരിദ്ര്യം / ദാരിധ്ര്യം

b) മഹാമാത്രികൻ / മഹാമാന്ത്രികൻ / മഹാമാന്ദ്രികൻ

c) നന്ദനൻ / നദനൻ / നന്ദന്നൻ

d) ഗുരുത്തം / ഗുറുത്വം / ഗുരുത്വം

e) ലംഘിക്കുക / ലംഗിക്കുക / ലംഖിക്കുക

f) പ്രതീഷ / പ്രതീക്ഷ / പ്രതീശ

**5) വിപരീതപദം എഴുതുക. (6x 1= 6)**

a) വിശ്വാസം b) പാപം c) ഇണക്കം

d) സന്താപം e) അവസരം f) കുറയുക

**6) എതിർലിംഗം എഴുതുക. (6 x 1= 6)**

a) തമ്പുരാൻ b) നായിക c) അവൾ

d) ആൺകുട്ടി e) അമ്മ f) കൂട്ടുകാരൻ

**7) പിരിച്ചെഴുതുക. (6x 1= 6)**

a) മറ്റേതും b) ഉപ്പിട്ടു c) പാട്ടാണ്

d) ഓലക്കുട e) തൂക്കിയിട്ട f) ജീവനുണ്ടോ

**8) ചേർത്തെഴുതുക. (6x 1= 6)**

a) വിഷമം + ആണ് b) കരഞ്ഞ് + ഉടൻ c) പയർ + ഇത്ര

d) തീ + പൊരി e) എഴുതി + തന്നു f) പറന്ന് + എത്തിയ

**9) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക. (3x 1= 3)**

a) ഒരു / അവൾ / എനിക്ക് / സ്ളേറ്റിൽ / എഴുതിത്തന്നു /അമ്പത്തൊന്നക്ഷരങ്ങൾ

b) ആളൊഴിഞ്ഞ / കടലാസ്സ് / സമയത്ത് / ഞാനെടുത്ത് / തുടങ്ങി / വായിക്കാൻ

c) ഭൂമുഖത്തുള്ള / ജീവജാലങ്ങളെയും / എല്ലാ / സ്നേഹിച്ചു / അവൾ

**10) അർത്ഥവ്യത്യാസമെഴുതുക.** **(2x 1= 2)**

a) അർത്ഥം - അർദ്ധം

( പരിഭവം - പരാതി , പൊരുൾ - പകുതി , പരാതി - ആധി )

b) കനിവ് - കിനാവ്

( ദയ - സ്വപ്നം , ഗാനം - ഗഗനം , വാനം - വാദം )

**11) ഏതെങ്കിലും 8 നക്ഷത്രങ്ങളുടെ പേര് മലയാളത്തിൽ എഴുതുക.** **(4)**

**12) ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **(5 x 1 = 5)**

ഒരിക്കൽ വിജയനഗരത്തിലെ രാജാവായ കൃഷ്ണദേവരായരുടെ കൊട്ടാരത്തിൽ ദൂരെ നിന്നും ഒരു മാന്ത്രികൻ വന്നു. അയാൾ പല മാന്ത്രികവിദ്യകളും സദസ്സിൽ കാണിച്ചു. സ്വന്തം തല ശരീരത്തിൽ നിന്നും വെട്ടിമാറ്റുന്ന അത്ഭുതജാല വിദ്യയും അയാൾ കാണിച്ചു. എന്നിട്ട് , തന്നെ തോല്പിക്കാൻ വിജയനഗരത്തിൽ ആരെങ്കിലും ഉണ്ടോ എന്ന് രാജാവിനെ വെല്ലുവിളിച്ചു. രാജാവിന് വലിയ നാണക്കേടായി; കാരണം ആരും മാന്ത്രികന്റെ വെല്ലുവിളി ഏറ്റെടുത്തില്ല. അപ്പോഴാണ് കൊട്ടാരം വിദൂഷകനായ തെനാലിരാമൻ സദസ്സിൽ എത്തിയത്. തെനാലിരാമൻ മാന്ത്രികന്റെ വെല്ലുവിളി ഏറ്റെടുത്തു.

തെനാലിരാമൻ മാന്ത്രികനോട് ചോദിച്ചു : " ഞാൻ കണ്ണടച്ച് കാണിക്കുന്ന ജാലവിദ്യ നിങ്ങൾ കണ്ണ് തുറന്നു പിടിച്ചു ചെയ്യാമോ ? '' മാന്ത്രികൻ ചിരിച്ചു. കണ്ണടച്ച് ചെയ്യുന്നതിനെക്കാൾ എളുപ്പമായിരിക്കുമല്ലോ കണ്ണ് തുറന്നുപിടിച്ചു ചെയ്യുന്നത് എന്ന് കരുതി മാന്ത്രികൻ തെനാലിരാമന്റെ വെല്ലുവിളി സ്വീകരിച്ചു.

**ചോദ്യങ്ങൾ**

a) ആരായിരുന്നു വിജയനഗരത്തിലെ രാജാവ് ?

b) കൊട്ടാരത്തിൽ എത്തിയ മാന്ത്രികൻ സദസ്സിൽ എന്താണ് കാണിച്ചത് ?

c) മാന്ത്രികൻ ആരെയാണ് വെല്ലുവിളിച്ചത് ?

d) ആരായിരുന്നു കൊട്ടാരം വിദൂഷകൻ ?

e) മാന്ത്രികൻ തെനാലിരാമന്റെ വെല്ലുവിളി ഏറ്റെടുത്തത് എന്തുകൊണ്ട് ?

**13) ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **(10 x 2= 20)**

a) കുഞ്ഞുപാത്തുമ്മയുടെ ഉമ്മ എപ്പോഴും എന്തിനെപ്പറ്റിയാണ് പറയാറുണ്ടായിരുന്നത് ?

b) ചങ്ങാലി പ്രാവ് തലതല്ലി കരയുന്നതെന്തുകൊണ്ട് ?

c) വി.ടി. എടുത്ത ശപഥം എന്തായിരുന്നു ?

d) ദശരഥമഹാരാജാവ് കൈകേയിയ്ക്ക് നൽകിയ വരങ്ങൾ ഏതെല്ലാം ?

e) അട്ട കടിച്ചപ്പോൾ കുഞ്ഞുപാത്തുമ്മ ഉറക്കെ നിലവിളിക്കാതിരുന്നത് എന്തുകൊണ്ട് ?

f) ഏതു വാചകം വായിച്ചപ്പോഴാണ് വി.ടി. യുടെ മനസ്സിൽ ആഹ്ളാദധ്വനി വിനിർഗളിച്ചത് ?

g) എന്തു ചെയ്തപ്പോഴാണ് തനിക്ക് തെറ്റ് പറ്റിപ്പോയി എന്ന് ചങ്ങാലിപ്രാവ് തിരിച്ചറിഞ്ഞത് ?

h) ആരാണ് ദണ്ഡധരാലയത്തിൽ പോകുമെന്ന് പറയുന്നത് ?

i) പെൺകുട്ടി ചോദിച്ച സഹായമെന്ത് ?

j) വി.ടി.ലജ്ജിതനായത് എന്തുകൊണ്ട് ?

k) കുഞ്ഞുപാത്തുമ്മയെ പാട്ട് പഠിപ്പിച്ചത് ആരാണ് ?

l) ''പരമാർത്ഥമറിയാതെൻ പൊന്നുമോളേ '' എന്തായിരുന്നു പരമാർത്ഥം ?

***